# കേരള സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ഇ(2)40/2025/എസ്.സി.ഇ.സി | തീയതി : 12.09.2025

**പരിപത്രം നമ്പർ - 03/2025**

വിഷയം : സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ - ബഹു. സഹകരണ ആർബിട്രേഷൻ കോടതികൾ മുമ്പാകെ സമർപ്പിക്കപ്പെടുന്ന തെരഞ്ഞെടുപ്പ് സംബന്ധമായ വ്യവഹാരങ്ങൾ - കേസുകളിൽ ഹാജരായി എതിർവാദപത്രിക കൃത്യമായും സമർപ്പിക്കുന്നത് - കർശന നിർദ്ദേശം - സംബന്ധിച്ച്.

സൂചന :
1. 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ട് വകുപ്പ് 69
2. 1969-ലെ കേരള സഹകരണ സംഘങ്ങൾ ചട്ടങ്ങൾ.
3. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന്റെ 12.09.2025-ലെ 103-ാം നമ്പർ യോഗം 3-ാം നമ്പർ തീരുമാനം.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന തർക്കങ്ങൾ സംബന്ധമായ ഹർജികൾ തെരഞ്ഞെടുപ്പ് തീയതി മുതൽ ഒരു മാസ കാലപരിധിക്കുള്ളിൽ സഹകരണ ആർബിട്രേഷൻ കോടതിയിൽ സമർപ്പിക്കാവുന്നതാണെന്ന് സൂചന (1) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് പുറമെ ബന്ധപ്പെട്ട ഇലക്ടറൽ ആഫീസർ, വരണാധികാരി എന്നിവരെയും എതിർകക്ഷികളാക്കിയാണ് തെരഞ്ഞെടുപ്പ് ഹർജികൾ സമർപ്പിക്കപ്പെടുന്നത്.

സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് നടപടികൾക്കുള്ള ഉദ്യോഗസ്ഥരെ അതാത് ഭരണവകുപ്പുകളിൽ നിന്നും നിയമിക്കുവാൻ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനെ സൂചന (2) ചട്ടങ്ങളിലെ ചട്ടം 35എ(2) പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. ചട്ടം 35എ(2) പ്രകാരം കമ്മീഷൻ നിയമിക്കുന്ന വരണാധികാരി, ചട്ടം 35എ(4) പ്രകാരം നിയമിതനാകുന്ന ഇലക്ടറൽ ആഫീസർ എന്നീ ഉദ്യോഗസ്ഥരാണ് തെരഞ്ഞെടുപ്പ് നടപടികൾക്ക് ചുമതലപ്പെട്ട പ്രധാന ഉദ്യോഗസ്ഥർ. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന് ശേഷം തെരഞ്ഞെടുപ്പിന് ഉപയോഗിച്ചതും ഉപയോഗിക്കാത്തതുമായ ബാലറ്റ് പേപ്പറുകൾ നിശ്ചിത കാലം സീൽ ചെയ്ത കവറിൽ ഭദ്രമായി സൂക്ഷിക്കണമെന്നും ചട്ടം 35എ, ഉപചട്ടം (7)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രകാരം തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും കാര്യക്ഷമമായ കൈകാര്യം ചെയ്യലും സൂക്ഷിപ്പും വരണാധികാരിയും ഇലക്ടറൽ ആഫീസറും നിർവ്വഹിക്കേണ്ടതാണ്. ടി ചട്ടങ്ങൾ പ്രകാരം ഇക്കാര്യങ്ങൾ പ്രസ്തുത ഉദ്യോഗസ്ഥരുടെ കർത്തവ്യങ്ങളും ചുമതലകളുമാണ്. ഇത്തരത്തിൽ സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ ആധികാരിക വിവരങ്ങളും രേഖകളും ഇലക്ടറൽ ആഫീസറുടെയും വരണാധികാരിയുടെയും നേരിട്ടുള്ള മേൽനോട്ടത്തിലും നിയന്ത്രണത്തിലുമാണുള്ളത്.

ഇക്കാര്യങ്ങൾ കണക്കിലെടുത്ത് സഹകരണ ആർബിട്രേഷൻ കോടതികൾ മുമ്പാകെ സമർപ്പിക്കപ്പെടുന്ന തെരഞ്ഞെടുപ്പ് ഹർജികളിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ഹാജരാകുവാനും എതിർവാദപത്രിക സമർപ്പിക്കുവാനും ബന്ധപ്പെട്ട ഇലക്ടറൽ ആഫീസറെ/വരണാധികാരിയെ ചുമതലപ്പെടുത്തുന്ന നടപടിക്രമമാണ് കമ്മീഷൻ അനുവർത്തിച്ചിട്ടുള്ളത്. വ്യവഹാരവുമായി ബന്ധപ്പെട്ട രേഖകളും വസ്തുതകളും കാര്യക്ഷമമായി കോടതി മുമ്പാകെ സമർപ്പിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങളിലെ സുതാര്യത ഉറപ്പാക്കുന്നതിനുമാണ് മേൽപ്രകാരമുള്ള ക്രമീകരണം തെരഞ്ഞെടുപ്പ് കമ്മീഷൻ ഏർപ്പെടുത്തുന്നത്.

എന്നാൽ പല കേസുകളിലും കമ്മീഷന്റെ നിർദ്ദേശപ്രകാരം കോടതിയിൽ ഹാജരാകുന്നതിലും എതിർവാദപത്രിക സമർപ്പിക്കുന്നതിലും കമ്മീഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ഗുരുതര വീഴ്ച വരുത്തുന്നതായി കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് അത്യന്തം ഗൗരവതരവും ഒരു വിധത്തിലും അനുവദിക്കാൻ കഴിയാത്തതുമാണ്. കൂടാതെ കോടതി നടപടിക്രമങ്ങളിൽ വീഴ്ച വരുത്തുന്നത് നീതിന്യായപ്രക്രിയയിൽ തടസ്സം സൃഷ്ടിക്കുന്ന പ്രവർത്തിയും മാപ്പ് അർഹിക്കാത്ത ഗുരുതരമായ കർത്തവ്യലംഘനവുമാണ്.

മേൽ സാഹചര്യത്തിൽ, സഹകരണ ആർബിട്രേഷൻ കോടതികളിൽ സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെടുന്ന ഹർജികളിൽ സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ഹാജരാകുവാനും എതിർവാദപത്രിക സമർപ്പിക്കുവാനും കമ്മീഷൻ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ അപ്രകാരമുള്ള ചുമതല യാതൊരുവിധ വീഴ്ചയും കൂടാതെ നിർവ്വഹിക്കേണ്ടതും കോടതി മുമ്പാകെ യഥാസമയം എതിർവാദപത്രിക സമർപ്പിച്ച് അതിന്റെ പകർപ്പ് നിർബന്ധമായും കമ്മീഷന് ലഭ്യമാക്കേണ്ടതാണെന്നും തെരഞ്ഞെടുപ്പ് കമ്മീഷൻ കർശനമായും നിർദ്ദേശിക്കുന്നു. അത്യന്തം പ്രാധാന്യമുള്ള ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കുവാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോടും ബന്ധപ്പെട്ട വകുപ്പ് മേധാവിയോടും ശിപാർശ ചെയ്യുന്നതും കോടതികളുടെ നീതിന്യായപ്രക്രിയയുമായി ബന്ധപ്പെട്ട് വരുത്തിയ മനപ്പൂർവ്വമായ വീഴ്ച എന്ന വസ്തുത കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്വീകരിക്കുന്ന അച്ചടക്ക നടപടി വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഉൾപ്പെടെയുള്ള സേവന രേഖകളിൽ രേഖപ്പെടുത്തുവാൻ ആവശ്യപ്പെടുന്നതുമാണ്.

സഹകരണ സംഘം രജിസ്ട്രാറും സഹകരണ സംഘങ്ങളുടെ മേൽ നിയന്ത്രണമുള്ള മറ്റുള്ള ഭരണനിർവ്വഹണ രജിസ്ട്രാർമാരും ഈ പരിപത്രത്തിലെ കമ്മീഷന്റെ നിർദ്ദേശം അടിസ്ഥാനമാക്കി അതാത് വകുപ്പിൽ തെരഞ്ഞെടുപ്പ് ചുമതലകൾ നിർവ്വഹിക്കുന്നതിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകേണ്ടതാണ്.

(ഒപ്പ്)
**എസ്. എച്ച്. ജയകേശൻ**
**സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ**

സഹകരണ സംഘം രജിസ്ട്രാർ, ജവഹർ സഹകരണ ഭവൻ, തൈക്കാട് പി.ഒ,
തിരുവനന്തപുരം — 695 014
ഡയറക്ടർ/രജിസ്ട്രാർ, വ്യവസായ വാണിജ്യ വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ഫിഷറീസ് വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ക്ഷീര വികസന വകുപ്പ്, പട്ടം, തിരുവനന്തപുരം - 695 004
ഡയറക്ടർ/രജിസ്ട്രാർ, കയർ വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം - 695 033
സെക്രട്ടറി/രജിസ്ട്രാർ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, വഞ്ചിയൂർ,
തിരുവനന്തപുരം - 695 035.
ഡയറക്ടർ/രജിസ്ട്രാർ, കൈത്തറിയും ടെക്സ്റ്റയിൽസും വകുപ്പ്, വികാസ് ഭവൻ,
തിരുവനന്തപുരം - 695 033
ഡയറക്ടർ/രജിസ്ട്രാർ, ടൂറിസം വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം - 695 033

//ഉത്തരവിൻ പ്രകാരം//

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി